# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് കേഡർ - ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗത്തിന്റെ കീഴിൽ ബ്ലോക്ക് പഞ്ചായത്തിലുള്ള 10 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക 152 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയും,296 ഓവർസിയർ തസ്തികകളും ത്രിതല പഞ്ചായത്തുകളിലേയ്ക്ക് മാറ്റി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.( എം.എസ്) നം.97/2009/തസ്വഭവ. തിരുവനന്തപുരം, തീയതി, 04.06.2009.

---

പരാമർശം:- 1) 26.04.2003 ലെ സർക്കുലർ നമ്പർ 19989/P/2003/LSGD.
2) സ.ഉ.(ആർ.റ്റി)നം.94/08/തസ്വഭവ. തീയതി 27.03.2008.
3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.02.2009 ലെ കത്ത് നമ്പർ ഡി.ബി. 4/4929/08/CE/LSGD

## <u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കുലർ പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത് അതിർത്തിയിലും വരുന്ന പഞ്ചായത്ത് തനത് / നബാർഡ്/MPLAD/MLA എന്നിവയുടെ കീഴിലുള്ള ധന സഹായത്താൽ ചെയ്യുന്ന പ്രവർത്തികളുടെ മേൽനോട്ടം വഹിക്കേണ്ടത് അതാത് ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗത്തിന്റെ കീഴിൽ 152 ബ്ലോക്കു പഞ്ചായത്തുകളിൽ ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരും ഇതിനോടൊപ്പം 296 ഓവർസിയർമാരും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഉദ്യോഗസ്ഥർ ബ്ലോക്കു പഞ്ചായത്തിന്റെ കീഴിൽ വരുന്ന RIDF പ്രോജക്റ്റ് ,MPLAD, MLA ഫണ്ട് സഹായത്താൽ ലഭിക്കുന്ന പ്രവർത്തികൾ PMGSY സഹായത്തോടുള്ള പ്രവൃത്തികൾ എന്നിവയാണ് ചെയ്തുപോരുന്നത്.

ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗത്തിന്റെ കീഴിൽ ഇപ്പോൾ ഓരോ ജില്ലയിലും ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഇതിൽ എല്ലാംകൂടി 24 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ PMGSY പ്രവർത്തിയുടെ മേൽ നോട്ടത്തിന് പ്രത്യേക സംവിധാനം ഉണ്ടാകണം എന്ന സാഹചര്യത്തിൽ ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇവരെ സഹായിക്കാൻ ഓരോ ഓവർസിയർ എന്നിവരെ നിലനിറുത്തണമെന്നും ശേഷിക്കുന്ന 10 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെക്കൂടി ത്രിതല ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുത്തണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തു തലത്തിൽ ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയും അതോടൊപ്പം പ്രവർത്തിക്കുന്ന ഓവർസിയർ തസ്തികയും ത്രിതല പഞ്ചായത്തുകളിലേയ്ക്ക് മാറ്റുന്നതിനും അവർ ഇപ്പോൾ മേൽനോട്ടം വഹിക്കുന്ന PMGSY ഒഴികെയുള്ള പ്രവർത്തികൾ അതാത് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗത്തിന്റെ കീഴിൽ ഇപ്പോൾ നിലവിലുള്ള 24 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ നിന്നും 10 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളും ബ്ലോക്ക് പഞ്ചായത്തിലുള്ള 152 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളും അതോടൊപ്പം പ്രവർത്തിക്കുന്ന 296 ഓവർസിയർ തസ്തികകളും ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ഉടനടി പ്രാബല്യത്തിൽ വരത്തക്കവിധം മാറ്റി ഉത്തരവാകുന്നു. മേൽപ്പറഞ്ഞ എഞ്ചിനീയർമാർ മേൽനോട്ടം വഹിക്കുന്ന PMGSY ഒഴികെയുള്ള പ്രവൃത്തികൾ അതാത് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഉടനടി കൈമാറേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവനന്തപുരം / തൃശ്ശൂർ.
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കമ്മീഷണർ,റൂറൽ ഡവലപ്പ്മെന്റ് ,തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.